## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് ചികിത്സാ സഹായം - ചിയാക്കിന്റെ സ്കീമിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2983/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 17.11.2014.

---

പരാമർശം:- 1. മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ദിനേശ് മണിയുടെ 29.10.2013-ലെ നിവേദനം.

2. ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.11.2013-ലെ 1318/13/ചിയാക്ക് നമ്പർ കത്ത്.

3. ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 27.11.2013-ലെ കത്ത്.

## ഉത്തരവ്

കേരളത്തിലെ ഗ്രാമങ്ങളെ ഇന്നത്തെ നിലയിലേക്ക് വികസിപ്പിച്ചെടുക്കുന്നതിനും അശരണർക്ക് അർഹതപ്പെട്ട സഹായങ്ങൾ യഥാസമയം എത്തിച്ചുകൊടുത്തും ത്യാഗപൂർണ്ണമായ പ്രവർത്തനം നടത്തിയ കേരളത്തിലുടനീളമുള്ള മുൻ പഞ്ചായത്ത് അംഗങ്ങൾ ജീവിതകാലമത്രയും പൊതുപ്രവർത്തനം നടത്തി ആരോഗ്യം നശിച്ച് വിശ്രമ ജീവിതം നയിക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ള പലരും സാമ്പത്തിക പ്രയാസം മൂലം ക്ലേശകരമായ ജീവിതമാണ് നയിക്കുന്നതെന്നും ചികിത്സക്കുപോലും ഗതിയില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്ത് അംഗങ്ങളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുമാണ് സൂചന 1, 3 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. മുൻ പഞ്ചായത്ത് അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതിന് ഉചിതമായ ഉത്തരവ് ഉണ്ടായാൽ അതിന്റെ അടിസ്ഥാനത്തിൽ മേൽ വിഭാഗത്തിനും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ ലഭ്യമാക്കുന്നതാണെന്ന് ചിയാക്ക് സൂചന കത്തു പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സാമൂഹ്യ സുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച 06.05.2013-ലെ ജി.ഒ (ആർ.റ്റി) 1209/2013/തസ്വഭവ പ്രകാരം തുക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉത്തരവ് ആകുന്നു. കൂടുതൽ ആശുപത്രികളെ ഇൻഷ്വറൻസ് പദ്ധതിയുള്ള ലിസ്റ്റിലുൾപ്പെടുത്താൻ

വേണ്ട നടപടി ചിയാക്ക് സ്വീകരിക്കേണ്ടതും എല്ലാ അംഗങ്ങൾക്കും മേൽ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ സമയക്രമം വരുത്തി എല്ലാ അംഗങ്ങളേയും അറിയിക്കേണ്ടതും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, സെക്രട്ടറിമാർ മുഖാന്തിരം എല്ലാ മുൻ അംഗങ്ങളുമായി ബന്ധപ്പെട്ട് എല്ലാവരെയും ഈ വർഷം തന്നെ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.ഷാഹുൽ ഹമീദ്,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

ചിയാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ

സാമൂഹ്യനീതി വകുപ്പ്

തൊഴിലും നൈപുണ്യവും വകുപ്പ്

ആൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ പ്രസിഡന്റ്

ശ്രീ.ദിനേശ് മണി യു.വി. (മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വേളന്നൂർ, കോഴിക്കോട്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്